# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3229

14.07.2015 ൽ മറുപടിയ്ക്ക്

## 'കേപ്പി'നെ സാമ്പത്തിക തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് പ്രകാരം കേപ്പിന് നഷ്ടപരിഹാരം നൽകേണ്ടതുണ്ടോ എന്ന പരിശോധിക്കാൻ ധനകാര്യ വകുപ്പ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് കമ്മിറ്റി അംഗങ്ങൾ; കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 17.12.2013 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ച വരുന്നു. |
| (ബി) | 17.12.2013 ൽ സർക്കാർ ഏറ്റെടുത്തതു മുതൽ നാളിതുവരെ എറണാകുളം മെഡിക്കൽ കോളേജിൽ ശമ്പളം നൽകുന്നതിനായി കേപ്പ് നൽകിയ തുക റീഫണ്ട് ചെയ്തു കിട്ടാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (ബി) | വ്യവസ്ഥയുണ്ട് |
| (സി) | 17.12.2013 ൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ വരുമാനം ആർക്കാണ് നൽകുന്നത്; വ്യക്തമാക്കാമോ; | (സി) | 17.12.2013 ലെ സ.ഉ(കൈ) നം. 488/2013/ആ.കു.വ പ്രകാരം കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. അന്നേ ദിവസത്തെ വരുമാനം കൊച്ചി മെഡിക്കൽ കോളേജിനാണ് ലഭിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | മെഡിക്കൽ കോളേജ് സർക്കാർ എറ്റെടുത്തശേഷം അവിടെ നടന്ന നിർമ്മാണ പ്രവർത്തികളുടെ കരാറുകാരൻ ആരായിരുന്നു? വ്യക്തമാകാമോ; | (ഡി) | എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ബി.പി.സി.എൽ തുടങ്ങിയ കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി മുഖേനയുള്ള സ്പോൺസർഷിപ്പ് വഴിയാണ് നടന്നിട്ടുള്ളത്. റോഡിന്റെ അറ്റകുറ്റപണികൾ പി.ഡബ്ല്യൂ.ഡി ആണ് നിർവഹിച്ചത്. |
| (ഇ) | കരാറുകാരന് കേപ്പ് തുക നൽകേണ്ടിവന്ന സാഹചര്യം വ്യക്തമാക്കാമോ; കേപ്പുമായി നേരിട്ട് കരാറിലേർപ്പെടാത്ത ആളിന് പണം നൽകിയത് ഏതു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കാമോ; | (ഇ) | മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം കരാറുകാരന് കേപ്പ് പണം നൽകിയിട്ടില്ല. |
| (എഫ്) | സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട കേപ്പ് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിനായി ശമ്പളത്തിനും നിർമ്മാണപ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുക തിരികെ ലഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എഫ്) | എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് കേപ്പ് കൈമാറിയ തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. |
| (ജി) | സാമ്പത്തിക തകർച്ച നേരിടുന്ന കേപ്പിനെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ജി) | കേപ്പ് സാമ്പത്തിക തകർച്ച നേരിടുന്നില്ല |

സെക്ഷൻ ഓഫീസർ